## സ്ഥിരം അദാലത് സമിതി – ഉപജില്ലാ സമിതി 2

നവകേരള സദസ്സ് അദാലത്

അദാലത് സംഘടിപ്പിച്ച സ്ഥലവും തീയതിയും : ഇന്റേണൽ വിജിലൻസ് ഓഫീസറുടെ

കാര്യാലയം കോട്ടയം

01.02.2024 10.30.AM

**അദാലത്തിൽ പങ്കെടുത്ത സമിതി അംഗങ്ങൾ**

1. Remya Krishnan Internal Vigilance Officer
2. Beeta Bhadran Asst. Town Planner LSGD Kottayam
3. Prdaeep P Asst Exe.Engineer Vaikom Block Panchayath
4. Dileepkumar P T Asst Exe Engineer Uzhavoor Block Panchayath
5. Jayachandran P G Junior Superintentant JD Office Kottayam
6. Ganga S, Junior Superintentant JD Office Kottayam

<u>അദാലത്തിൽ തീർപ്പാക്കിയ പരാതികൾ</u>

<u>കടുത്തുരുത്തി പഞ്ചായത്തിൽ നാല്ല പരാതികളാണ് അദാലത്തിൽ പരിഗണിച്ചത് , പഞ്ചായത്ത് സെക്രട്ടറി പങ്കെടുത്തു.</u>

1.ജയ്മോൻ സിറിയക് സമർപ്പിച്ച പരാതി പരിശോധിച്ചതിൽ പരാതിക്കാരൻ നിലവിൽ ടി കെട്ടിടം ക്രമവൽക്കരിക്കുന്നതിനു അപേക്ഷ സമർപ്പിച്ചിട്ടില്ല എന്നു സെക്രട്ടറി പറഞ്ഞു. ടി കെട്ടിടത്തിന്റെ താഴത്തെ മുറികൾക്ക് പഞ്ചായത്ത് നമ്പർ അനുവദിച്ചു നല്കിയിട്ടുള്ളതാണ് എന്നും മുകളിൽ പണിത പുതിയ മുറികളുടെ നമ്പർ ലഭിക്കുന്നതിനായിട്ടാണ് പരാതി നൽകിയിട്ടുള്ളത് എന്നും കക്ഷി പറഞ്ഞു. ടി കെട്ടിടത്തിനു നമ്പർ അനുവദിക്കുന്നതിന് റൂൾ 72 ബാധകമാണോ എന്ന് പരിശോധിക്കുന്നതിന് സെക്രട്ടറിയെ ചുമതലപെടുത്തി തീരുമാനിച്ചു .കെട്ടിടം ക്രമവൽക്കരിക്കുന്നതിനു അപേക്ഷ സമർപ്പിക്കുന്നതിന് കക്ഷിയോട് നിർദ്ദേശിച്ചു.

2.പ്രിയേഷ് സമർപ്പിച്ച പരാതിയിൽ ടിയാളുടെ അപേക്ഷ പരിഗണിച്ചു അംഗീകൃത നമ്പർ അനുവദിക്കാവുന്നതാണ് എന്ന് സെക്രട്ടറി അദാലത്തിൽ അറിയിച്ചു ആയതിന്റെ അടിസ്ഥാനത്തിൽ അംഗീകൃത നമ്പർ നൽകുന്നതിന് തീരുമാനിച്ചു

3.പെർമിറ്റ് ഫീസ് ഇളവു നൽകുന്നതിന് ജോൺ കെ ആന്റണി സമർപ്പിച്ച അപേക്ഷ അദാലത്തിൽ പരിശോധിച്ചതിൻ പ്രകാരം, സങ്കേതം സോഫ്റ്റ്‌വെയർ മുഖേന ഫീസ് കണക്കാക്കി വരുന്നതിനാൽ ഫീസ് നിരക്ക് വ്യക്തത വരുന്നതിനു IKM ആയി ബന്ധപെട്ടു തുടർ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു.

4.കെട്ടിട നമ്പർ ലഭിക്കുന്നതിന് ശ്രീമതി ഉഷ കുരിയൻ സമർപ്പിച്ച പരാതിയിൽ കെട്ടിട നമ്പർ അനുവദിക്കുന്നതിന് വേണ്ടിയാണ് അദാലത്തിൽ പരാതി നൽകിയത്. പരാതിക്കാരി ഹാജരായില്ല. setback കുറവുള്ള ഭാഗത്തെ അയൽവാസിയുടെ സമ്മതപത്രം ഹാജരാക്കുകയോ ആ വശത്തു നിലവിലുള്ള sunshade കുറവ് ചെയ്യുകയോ ചെയ്തു പഞ്ചായത്തിൽ രേഖാമൂലം അറിയിച്ചതിനു ശേഷം നിയമാനുസൃത നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു.

Scanned with CamScanner

മരങ്ങാട്ടുപിള്ളി പഞ്ചായത്തിൽ ഒരു പരാതിയാണ് അദാലത്തിൽ വന്നത്. പഞ്ചായത്ത് സെക്രട്ടറി പങ്കെടുത്തു

1.കെ സി പ്രകാശ് സമർപ്പിച്ച പരാതിയിൽ കെട്ടിടം KPBR ചട്ടം പാലിക്കാത്തതിനാൽ ന്യൂനതകൾ പരിഹരിച്ചു പഞ്ചായത്തിൽ രേഖാമൂലം അറിയിച്ചതിനു ശേഷം മാത്രമേ തുടർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ എന്ന് കക്ഷിക്ക് നിർദ്ദേശം നൽകി തീരുമാനിച്ചു.

മുളക്കുളം പഞ്ചായത്തിൽ ഒരു പരാതിയാണ് അദാലത്തിൽ പരിഗണിച്ചത്

1.ലൂസി സമർപ്പിച്ച പരാതിയിൽ അനധികൃത കെട്ടിടം ക്രമവൽക്കരിക്കുന്നതുമായി ബന്ധപെട്ടു പൊതുവായ സർക്കാർ നിർദേശം വരുന്ന പക്ഷം ഫീസ് അടച്ച് ക്രമവൽക്കരിച്ചു നൽകുന്നതിന് സെക്രട്ടറിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു.

വെള്ളൂർ പഞ്ചായത്തിൽ രണ്ടു പരാതികളാണ് അദാലത്തിൽ പരിഗണിച്ചത്.

1.ഷാബിയാ ഷാജഹാൻ സമർപ്പിച്ച പരാതിയിൽ കെട്ടിട നമ്പർ അനുവദിക്കുന്നതിനാണ് അദാലത്തിൽ പരാതി കൊടുത്തത്. കെട്ടിടം ക്രമവൽക്കരിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് പരാതിക്കാരിയോട് നിർദേശിച്ചു. ആയതു ലഭിക്കുന്ന മുറയ്ക്ക് നമ്പർ അനുവദിക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിന് സെക്രട്ടറിയോട് നിർദേശിച്ചു തീരുമാനിച്ചു.

2.കെ ആർ ശശി സമർപ്പിച്ച പരാതിയിൽ നിലവിൽ പെർമിറ്റ് അപേക്ഷ പുതുക്കാതെ കംപ്ലീഷൻ അപേക്ഷ സമർപ്പിച്ചതിനാൽ പുതിയ നിരക്കിൽ ക്രമവൽക്കരണ ഫീസ് അടയ്ക്കേണ്ടി വരുന്നു എന്ന് അദാലത് സമിതിക്കു ബോധ്യമായി. ആയതിനാൽ അപേക്ഷന്റെ അപേക്ഷ പരിഗണിച്ചു തുടർ നടപടി സ്വീകരിക്കുന്നതിന് സെക്രട്ടറിയെ ചുമതല പെടുത്തി തീരുമാനിച്ചു.

തലയോലപ്പറമ്പ് പഞ്ചായത്തിൽ രണ്ടു പരാതികളാണ് അദാലത്തിൽ പരിഗണിച്ചത്

1.ടി എം മജീദിന്റെ പരാതിയിൽ പഞ്ചായത്തിൽ നിന്നും സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചു. ന്യൂനതകൾ കണ്ടെത്തുന്ന പക്ഷം ആയതു പരിഹരിച്ചു അപേക്ഷ പുനഃ സമർപ്പിക്കുന്നതിനും കക്ഷിയോട് നിർദേശിച്ചു തീരുമാനിച്ചു.

2.വി ജെ വർഗീസ് സമർപ്പിച്ച പരാതിയിൽ പഞ്ചായത്തിൽ നിന്നും സ്ഥല പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചു. ന്യൂനതകൾ കണ്ടെത്തുന്ന പക്ഷം ആയതു പരിഹരിച്ചു അപേക്ഷ പുനഃ സമർപ്പിക്കുന്നതിനും കക്ഷിയോട് നിർദേശിച്ചു തീരുമാനിച്ചു.

വെളിയന്നൂർ പഞ്ചായത്തിൽ ഒരു പരാതിയാണ് അദാലത്തിൽ പരിഗണിച്ചത്

1.ചിന്നമ്മ സമർപ്പിച്ച പരാതിയിൽ, ടി കെട്ടിടത്തിന് KPBR ചട്ടം 220 ബി അപാകത ഉള്ളതിനാൽ സർക്കാരിന്റെ പൊതു നിർദ്ദേശം ലഭിച്ചാൽ മാത്രമേ ക്രമവൽക്കരിക്കാൻ സാധിക്കുകയുള്ളൂ എന്ന് കക്ഷിയോട് നിർദ്ദേശിച്ചു തീരുമാനിച്ചു

കാണക്കാരി പഞ്ചായത്തിൽ മൂന്നു പരാതികളാണ് അദാലത്തിൽ പരിഗണിച്ചത്

1.ബാബു സമർപ്പിച്ച പരാതിയിൽ പഞ്ചായത്തിൽ നിന്നും സേവനങ്ങൾ ലഭിക്കുന്നതിന് കാലതാമസം ഉണ്ടാകുന്നു എന്നു കാണിച്ച പരാതി അദാലത്തു പരിഗണിച്ചു. കാലതാമസം

Scanned with CamScanner

ഒഴിവാക്കി അപേക്ഷകളിന്മേൽ സമയ ബന്ധിതമായി തീരുമാനം കൈക്കൊള്ളണം എന്ന് സെക്രട്ടറിക്കു കർശന നിർദേശം നൽകി തീരുമാനിച്ചു.

2.ലിസി സമർപ്പിച്ച പരാതിയിൽ കെട്ടിടത്തിന്റെ ക്രമവൽക്കരണ അപേക്ഷയിൽ ശരിയായ അതിർത്തി നിർണയിച്ചു പ്ലാൻ സമർപ്പിക്കുന്നതിനും മതിയായ setback ഇല്ല എങ്കിൽ അയൽപ്പുരയിടത്തിന്റെ സമ്മത പത്രം സമർപ്പിക്കുന്നതിനും കക്ഷിയോട് നിർദേശിച്ചു തീരുമാനിച്ചു.

3.അജയൻ കെ സമർപ്പിച്ച പരാതിയിൽ കൺവെൻഷൻ സെന്ററിനെ സംബന്ധിച്ച പരാതിയിൽ പഞ്ചായത്ത് സാങ്കേതികവിഭാഗം പരിശോധിച്ചതിൽ പരാതിക്കാരൻ ഉന്നയിച്ച അരോപണങ്ങൾ ഒന്നും തന്നെ നില നിൽക്കുന്നതല്ല എന്ന് പരാതിക്കാരനെ അറിയിച്ചിട്ടുള്ളതാണ് എന്ന് സെക്രട്ടറി അദാലത്തിൽ ബോധിപ്പിച്ചു

<u>രാമപുരം പഞ്ചായത്തിൽ രണ്ടു പരാതികളാണ് അദാലത്തിൽ പരിഗണിച്ചത്</u>

1.മേരി സ്കറിയ സമർപ്പിച്ച പരാതിയിൽ കെട്ടിടം ക്രമവൽക്കരിച്ചു നമ്പർ അനുവദിക്കുന്നതിനാണ് അപേക്ഷ സമർപ്പിച്ചത്, പഞ്ചായത്തിലെ സാങ്കേതിക വിഭാഗം പരിശോധിച്ചു കണ്ടെത്തിയ ന്യൂനതകൾ പരിഹരിച്ചാൽ മാത്രമേ കെട്ടിടം ക്രമവൽക്കരിച്ചു നമ്പർ നൽകുവാൻ സാധിക്കുകയുള്ളു എന്ന് സെക്രട്ടറി അദാലത്തിൽ പറഞ്ഞു.

2.ബൈലോൺ എബ്രഹാം സമർപ്പിച്ച പരാതിയിൽ മൈനിങ് ആൻഡ് ജിയോളജി വകുപ്പിൽ നിന്നും അനുമതി ലഭിച്ചാൽ മാത്രമേ പെർമിറ്റ് നൽകുവാൻ സാധിക്കുകയുള്ളൂ എന്ന് സെക്രട്ടറി അദാലത്തിൽ അറിയിച്ചു.

അദാലത്ത് കൃത്യം 1 മണിക്ക് അവസാനിച്ചു.

Scanned with CamScanner